# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

W6-11876/16

തീയതി : 25/9/2021

**സർക്കുലർ നമ്പർ : 27/2021-22**

വിഷയം: 1989-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ്ഓഫ് സ്കോളർഷിപ്പ് പ്ലാൻ ഭേദഗതി വരുത്തി നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന: 1) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ.

2) 22/7/2021 തീയതിയിലെ തൊഴിലും നൈപുണ്യവും എച്ച്3/98/2021-തൊഴിൽ നമ്പർ സർക്കാർ കത്ത്.

3) 01.04.2018 തീയതിയിലെ 15/2018-19 നമ്പർ സർക്കുലർ.

2021-22ലെ ബഡ്ജറ്റിന്റെ ശുപാർശ പ്രകാരം 1989-ലെ- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ് ഓഫ് സ്കോളർഷിപ്പ് പ്ലാനിന്റെ ഖണ്ഡിക 6(a)യിൽ പരാമർശിച്ചിട്ടുള്ള 5 മുതൽ 10 -ാം ക്ലാസ്സ് വരെയുള്ള സ്കോളർഷിപ്പ് തുക നിലവിലെ നിരക്കിൽ നിന്നും താഴെ പറയും വിധം വർദ്ധനവ് വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**ഭേദഗതി**

**പ്ലാൻ ഖണ്ഡിക 6 : സ്കോളർഷിപ്പ് തുക**

**പ്ലാൻ ഖണ്ഡിക 6(a) : സ്കൂൾ തലം**

| | നിലവിലെ നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|
| 1. 5 മുതൽ 7വരെ ക്ലാസുകളിൽ വിജയിച്ച കുട്ടികൾക്ക് | - 350/- രൂപ | 450/- രൂപ |
| 2. 8 -ഉം 9-ഉം ക്ലാസുകളിൽ വിജയിച്ച കുട്ടികൾക്ക് | - 350/- രൂപ | 450/- രൂപ |
| 3. 8 -ഉം 9-ഉം ക്ലാസുകളിൽ 60% മാർക്ക് വാങ്ങിയ കുട്ടികൾക്ക് | - 400/- രൂപ | 500/- രൂപ |
| 4. 10 -ാം ക്ലാസ്സ് വിജയിച്ച കുട്ടികൾക്ക് (50% -ൽ താഴെ) | - 600/- രൂപ | 700/- രൂപ |
| 5. 10 -ാം ക്ലാസ്സിൽ 50%-ഉം അതിൽ കൂടുതലും മാർക്ക് വാങ്ങിയ കുട്ടികൾക്ക് | - 800/- രൂപ | 900/- രൂപ |
| 6. 10 -ാം ക്ലാസ്സിൽ 60%-ഉം അതിൽ കൂടുതലും മാർക്ക് വാങ്ങിയ കുട്ടികൾക്ക് | - 900/- രൂപ | 1000/- രൂപ |
| 7. 10 -ാം ക്ലാസ്സിൽ 80%-ഉം അതിൽ കൂടുതലും മാർക്ക് വാങ്ങിയ കുട്ടികൾക്ക് | - 1100/-രൂപ | 1200/- രൂപ |

ഈ ഭേദഗതിക്ക് 1/4/2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

വിദ്യാഭ്യാസ ധന സഹായം വിതരണം നടത്തുന്നത് സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന മറ്റ് വ്യവസ്ഥകളും, നടപടി ക്രമങ്ങളും മാറ്റമില്ലാതെ തുടരേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് കമ്മിറ്റി / സബ് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഈ സർക്കുലർ ലഭിച്ചതിന് കമ്മിറ്റി / സബ് ഓഫീസ് ചെയർമാൻമാർ മറുകുറി അയയ്ക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്,

1.എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,

2.കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്